# ഡോ. സുഭദ്രാ നായരുടെ കൃതി

ഡി ബാബു പോൾ ഐ.എ.എസ്

ഷിർദ്ദിബാബയും പുട്ടപർത്തിബാബയും ഈശ്വരസാക്ഷാത്കാരം പ്രാപിച്ചതിനാൽ മനുഷ്യനായിരിക്കേ ഭഗവാൻ എന്നു വാഴ്ത്തപ്പെട്ടവരാണ്. രണ്ടുപേരും രണ്ടു കാലഘട്ടങ്ങളിൽ ജീവിക്കുകയും തങ്ങളുടെ സമകാലികർക്ക് മനസ്സിലാവുന്ന തരത്തിൽ ഈശ്വരനെ അവർക്ക് പരിചയപ്പെടുത്തിക്കൊടുക്കുകയും ചെയ്തവരാണ് എന്ന സംഗതി സുവിദിതമാണല്ലോ. ശ്രീകൃഷ്ണൻ വിശ്വരൂപദർശനം അർജ്ജുനന് അനുവദിച്ചപ്പോൾ ഈശ്വരനെ മനുഷ്യനു പരിചയപ്പെടുത്തുകയായിരുന്നു. ശ്രീയേശു തന്റെ ശിഷ്യരിൽ ഏറ്റവും വിശ്വസ്തരായ മൂന്നുപേർക്കുമാത്രം ആണ് തേജസ്കരണം കാണാൻ സന്ദർഭം നല്കിയതെങ്കിലും എന്നെ കണ്ടവർ ദൈവത്തെ കണ്ടിരിക്കുന്നു എന്ന പ്രസ്താവനയിലൂടെ മനുഷ്യന് ദൈവത്തെ കാണിച്ചുകൊടുത്തു.

ശ്രീകൃഷ്ണനും ശ്രീയേശുവും ഈ ദൃശ്യങ്ങൾ അനുവദിച്ചുവെങ്കിലും ഈശ്വരൻ അനുവദിക്കുമ്പോഴാണ് മനുഷ്യന് ഈശ്വരനെ തിരിച്ചറിയാനാവുന്നത് എന്ന് സൂചിപ്പിക്കുകയും ചെയ്തു.

'ന തു മാം ശക്യസേ ദ്രഷ്ടുമനേനൈവ സ്വ ചക്ഷുസാ
ദിവ്യം ദദാമി തേ ചക്ഷുഃപശ്യ മേ യോഗമൈശ്വരം'

എന്നാണ് കൃഷ്ണകല്പന. കൃഷ്ണൻ വിശ്വരൂപം പ്രദർശിപ്പിച്ചതുകൊണ്ടായില്ല. അത് കാണാൻ അർജ്ജുനന്റെ

കണ്ണുകൾക്ക് പ്രാപ്തി ഉണ്ടാവണം. സാധാരണഗതിയിൽ മനുഷ്യനേത്രങ്ങൾക്ക് അസാധ്യമായത് സാധ്യമാകണമെങ്കിൽ ഈശ്വരൻ കനിയണം. അതുകൊണ്ടാണ് ദിവ്യം ദദാമി തേ ചക്ഷു എന്ന് ഗീതയിൽ നാം വായിക്കുന്നത്. നിനക്ക് ദിവ്യമായ ഒരു കണ്ണ് ഞാനിതാ തരുന്നു. അങ്ങനെ ഈശ്വരൻ അനുവദിക്കുമ്പോൾ മേ ഐശ്വരം യോഗം പശ്യ എന്നാണ് ഈശ്വരൻ പറയുന്നത്. എന്റെ ഈശ്വരരൂപസ്ഥിതി നീ കണ്ടുകൊള്ളുക.

ശ്രീയേശു ശിഷ്യന്മാരോടു ചോദിച്ചു, "ഞാൻ ആരാണെന്നാണ് നിങ്ങൾ ധരിച്ചിട്ടുള്ളത്." ശിഷ്യപ്രമുഖനായിരുന്ന പത്രോസ് പറഞ്ഞു, "അങ്ങ് ഈശ്വരാവതാരമാണ്." പ്രത്യുത്തരമായി ക്രിസ്തു ഉവാച: "ജഢരക്തങ്ങളല്ല നിനക്ക് ഈ ബോധോദയം അനുവദിച്ചത്. അത് ഈശ്വരൻതന്നെയാണ്." മറ്റൊരിടത്ത്, ഈശ്വരൻ അനുവദിക്കാതെ ആർക്കും തന്നെ സമീപിക്കാൻ കഴിയുകയില്ല എന്നും പറയുന്നുണ്ട് ക്രിസ്തു ഭഗവാൻ.

അങ്ങനെ തന്നെ കാണാൻ ഈശ്വരൻ ആരെയൊക്കെ അനുവദിക്കുന്നുവോ അവരാണ് ഭഗവൽപദവി ആർജ്ജിക്കുന്നത്. ഷിർദ്ദിബാബയും പുട്ടപർത്തിബാബയും ഒരേ ഭാഷ അല്ല സംസാരിച്ചത്. ഒരേ ശൈലി അല്ല പിന്തുടർന്നത്. എന്നാൽ സത്തയും സാരാംശവും പ്രായേണ ഒന്നുതന്നെ ആയിരുന്നു. അവരവർ ജീവിച്ചിരുന്ന കാലത്തിന്റെ അക്ഷാംശരേഖാംശങ്ങൾ തിരിച്ചറിഞ്ഞ് ആ അക്ഷാംശത്തിലും രേഖാംശത്തിലും പരിമിതികൾ അനുഭവിച്ചിരുന്ന സാധാരണമനുഷ്യർക്ക് ദിവ്യം ദദാമി തേ ചക്ഷു എന്ന് ശ്രീകൃഷ്ണൻ കല്പിച്ചതുപോലെ ഉപദേശങ്ങളിലൂടെ പരിമിതികൾ അതിജീവിക്കുവാൻ പ്രാപ്തി നല്കുകയാണ് ബാബമാർ ചെയ്തത്. അങ്ങനെ വരുമ്പോൾ പശ്യ മേ യോഗൈശ്വരം എന്ന കല്പന മനുഷ്യന് പ്രയോജനപ്പെടും. ഈ മഹാസത്യമാണ്

ഡോ. സുഭദ്രാനായർ ഈ കൃതിയിൽക്കൂടെ പ്രകാശിപ്പിക്കുവാൻ ശ്രമിച്ചിട്ടുള്ളത്. ജനിക്കാൻ തയ്യാറായിരുന്ന ആയിരക്കണക്കിനു ശിശുക്കളെ ജനിക്കാൻ സഹായിച്ച അമ്മയാണ് ഡോക്ടർ. ഈ കൃതിയിലും അതേ ധർമ്മമാണ് ആ മഹതി നിർവ്വഹിച്ചിരിക്കുന്നത്. ശാരീരികവും മാനസികവുമായി ജനിച്ചും വളർന്നും കഴിഞ്ഞശേഷം ആത്മീയമായി ജനിക്കാൻ തയ്യാറായിരിക്കുന്ന നമ്മെ ആത്മാവിൽ ജനിപ്പിക്കുവാൻപോന്ന സ്പിരിച്വൽ ഒബ്സ്റ്റട്രിക്സ് ആയിട്ടാണ് ഈ കൃതിയെ ഞാൻ കാണുന്നത്. കൃഷ്ണൻ അർജ്ജുനനു നല്കിയ ദിവ്യദൃഷ്ടി, ക്രിസ്തു പത്രോസിൽ തിരിച്ചറിഞ്ഞ ദിവ്യദൃഷ്ടി, അതാണ് ഈ കൃതിയിലൂടെ ഡോ. സുഭദ്രാനായർ ആദ്ധ്യാത്മികജനനം കാംക്ഷിക്കുന്നവർക്ക് പ്രദാനം ചെയ്യുന്നത്.

ഇങ്ങനെയൊരു കൃതി നിർവ്വഹിക്കാൻ ഗ്രന്ഥകർത്രിയെ പ്രേരിപ്പിച്ച സർവ്വശക്തനായ ഈശ്വരനെ നമുക്ക് നമസ്കരിക്കാം. ഈ മഹദ്വചനങ്ങൾ നമുക്ക് ദിവ്യനേത്രങ്ങളായി ഭവിക്കട്ടെ. ഭഗവാന്റെ വിശ്വരൂപദർശനത്തിന് ആ ദിവ്യനേത്രങ്ങൾ സഹായകീഭവിക്കട്ടെ.